# SSLC –SOCIAL SCIENCE

## SIMPLE STUDY MATERIAL

1.മെർക്കന്റെലിസ്റ്റ് നിയമം --*ഇംഗ്ലീഷ് കപ്പൽ മാത്രമേ ഉപയോഗിക്കാവൂ *പഞ്ചസാര, കമ്പിളി, പുകയില, പരുത്തി എന്നിവ ഇംഗ്ലണ്ടിലേക്ക് മാത്രം നൽകാവൂ * ഇംഗ്ലണ്ടിന്റ മുദ്ര പതിക്കണം *സൈന്യത്തിന് താമസ സൗകര്യം ഒരുക്കണം * ബ്രിട്ടന് ഇറക്കുമതി ചുങ്കം നൽക്കണം

2.അമേരിക്കൻ സ്വതന്ത്ര സമരം--*ജോൺ ലോക്ക്, തോമസ് പെയിൻ എന്നിവർ സ്വാധീനിച്ചു.*1773 ബോസ്റ്റേൺ ടീ പാർട്ടി * 1774 ഒന്നാം കോണ്ടിനെന്റൽ കോൺഗ്രസ് * 1775 രണ്ടാം കോണ്ടിനെന്റൽ കോൺഗ്രസ്;ജോർജ് വാഷിങ് ടാൺ സൈനിക തലവൻ* 1776 ജൂലൈ 4 സ്വാതന്ത്ര്യ പ്രഖ്യാപനം *ജോർജ് വാഷിങ്ടൺ ആദ്യ പ്രസിഡന്റ് * ജെയിംസ് മാഡിസൺ ഭരണഘടന തയാറാക്കി.

3. റഷ്യൻ വിപ്ലവം--റഷ്യയിലെ സാർ ഭരണകൂടത്തിനെതിരെ 1917 നടന്നു. ലെനിൻ നേതൃത്വം നൽകി.ലിയോ ടോൾസ്റ്റോയി മാക്സിം ഗോർക്കി എന്നിവർ സ്വാധീനിച്ചവരാണ്.മെൻഷെവിക്ക് ബോൾഷെവിക്ക് ഡെമോക്രാറ്റിക് വർക്കേഴ്സ് പാർട്ടിയിലെ രണ്ട് വിഭാഗങ്ങൾ.രക്തരൂക്ഷിത ഞായറാഴ്ച(1905),ഫെബ്രുവരി വിപ്ലവവും ഒക്ടോബർ വിപ്ലവും റഷ്യൻ വിപ്ലവത്തിൻറെ ഭാഗങ്ങളാണ്. യുദ്ധത്തിലെ പങ്കാളിത്തം ,പട്ടിണി എന്നിവയാണ് റഷ്യൻ വിപ്ലവത്തിന് കാരണമായത്.ഫെബ്രുവരി വിപ്ലവത്തിലൂടെ നിക്കോളാസ് രണ്ടാമനെ പുറത്താക്കി അലക്സണ്ടർ കെറൻസ്കിയും ഒക്ടോബർ വിപ്ലവത്തിലൂടെ പുറത്താക്കി അലക്സണ്ടർ കെറൻസ്കിയെ പുറത്താക്കി ലെനിനും അധികാരത്തിൽ എത്തി .

3. ഫ്രഞ്ച് വിപ്ലവം--1789 നടന്നു.*ലൂയി രാജാക്കന്മാരുടെ സ്വേച്ഛാധിപത്യങ്ങൾക്ക് എതിരെ.*ഫ്രഞ്ച് സമൂഹം 3 എസ്റ്റേറ്റുകൾ ആയിരുന്നു. *ചൂഷണങ്ങൾ വിധേയമായത് മൂന്നാം എസ്റ്റേറ്റ് കാരാണ്. പ്രഭുക്കന്മാർക്കും പുരോഹിതർക്കും നികുതി നൽകേണ്ടി വന്നു, അവകാശങ്ങൾ ഇല്ലായിരുന്നു*റൂസോ വോൾട്ടയർ മോണ്ടെസ്ക്യൂ

എന്നിവരുടെ ആശയങ്ങൾ കരുത്തു നൽകി.*ടെന്നീസ് കോർട്ട് പ്രതിജ്ഞ ബാസ്റ്റ്യൻ ജയിലിലെ പതനം എന്നിവ ഫ്രഞ്ച് വിപ്ലവ ആയി ബന്ധപ്പെട്ടിരിക്കുന്നു.

4.ഉദ്യോഗസ്ഥവൃന്ദത്തിന്റെ പ്രത്യേകതകൾ--

രാഷ്ട്രീയനിഷ്പക്ഷത,വൈദഗ്ദ്ധ്യം,യോഗ്യത അനുസരിച്ചുള്ള നിയമനം

5.ഇന്ത്യൻ സിവിൽ സർവീസ് ;മൂന്നായി തിരിക്കാം

1. അഖിലേന്ത്യാ സർവീസ് --*തിരഞ്ഞെടുപ്പ് - ദേശീയ തലത്തിൽ.*നിയമനം - കേന്ദ്ര സർവീസിലോ സംസ്ഥാന സർവീസിലോ*ഉദാ: IAS,IPS

2.കേന്ദ്ര സർവീസ്--*തിരഞ്ഞെടുപ്പ് - ദേശീയ തലത്തിൽ*നിയമനം - കേന്ദ്ര ഗവൺമെന്റിനു കീഴിൽ*ഉദാ: ഇന്ത്യൻ ഫോറിൻ സർവീസ്

3.സംസ്ഥാന സർവീസ് --*തിരഞ്ഞെടുപ്പ് - സംസ്ഥാന തലത്തിൽ*നിയമനം - സംസ്ഥാന ഗവൺമെന്റിന് കീഴിൽ*ഉദാ: സെയിൽ ടാക്സ് ഓഫീസർ

6.ഇ - ഗവേണൻസ്--.ഇലക്ട്രോണിക് സാങ്കേതിക വിദ്യ ഭരണരംഗത്ത് ഉപയോഗപ്പെടുത്തുന്നതാണ് ഇ - ഗവേണൻസ്. സേവനങ്ങൾ വേഗത്തിലും എളുപ്പത്തിലും കുറഞ്ഞ ചെലവിലും ലഭിക്കും

7.വിദ്യാഭ്യാസവും നൈപുണിയും മെച്ചപ്പെടുത്തുന്നതിനായി ഉള്ള പദ്ധതികൾ***സംയോജിത ശിശു വികസന പരിപാടി*6 വയസ്സുവരെയുള്ള ശിശുക്കളുടെവികസനം * ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യപരിപാലനം.***സമഗ്ര ശിക്ഷാ അഭിയാൻ--*ഹയർസെക്കൻഡറി വരെ എല്ലാവർക്കും വിദ്യാഭ്യാസം* തുല്യത, ഗുണനിലവാരം എന്നിവ ഉറപ്പുവരുത്തുക***രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ--* എല്ലാവർക്കും ഗുണമേന്മയുള്ള ഉന്നത വിദ്യാഭ്യാസം ഉറപ്പാക്കുക

8.വിദ്യാഭ്യാസ അവകാശനിയമം--വിദ്യാഭ്യാസം മൗലിക അവകാശമാക്കുകയും 2009 ൽ പാസാക്കുകയും ചെയ്തു.

. എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം എന്നതാണ് ലക്ഷ്യം

9. ആരോഗ്യമുള്ള വ്യക്തികൾ രാജ്യ പുരോഗതിയിൽ പങ്കാളിയാകുന്നത് എങ്ങനെ ? *പ്രകൃതി വിഭവങ്ങൾ ശരിയായി ഉപയോഗികനാകും. *ചികിത്സ

ചെലവുകൾ കുറയും. *ഉല്പാദന വർദ്ധനവ് ഉണ്ടാകും, അങ്ങനെ വികസനം വരും.

10.വിദ്യാഭ്യാസം എങ്ങനെ രാജ്യത്തിന്റെ  വികസനത്തെ സഹായിക്കുന്നു?

*വിദ്യാഭ്യാസം വ്യക്തികളുടെ കഴിവ് മെച്ചപ്പെടുത്തുന്നു.*സാങ്കേതിക വിദ്യകൾ ഉപയോഗിക്കാനുള്ള അറിവ്  ലഭിക്കുന്നു.*മെച്ചപ്പെട്ട തൊഴിലും വരുമാനവും നേടാനാവുന്നു. *ജീവിത നിലവാരം ഉയരുന്നു.

എന്താണ് അച്ചുതണ്ടിന്റെസമാന്തരത?

11.വസന്തകാലം--*മാർച്ച്21 മുതൽ ജൂൺ 21 വരെ ആണ് ഉത്തരാർദ്ധഗോളത്തിൽ വസന്തകാലം.*ശൈത്യത്തിൽ നിന്ന് വേനലിലേക്കുള്ള മാറ്റത്തിന്റെ കാലം. *ചെടികൾ തളിർക്കുന്നു, പൂക്കൾ പുഷ്പിക്കുന്നു. *മാവ് പൂക്കുന്നു പ്ലാവിൽ ചക്ക ഉണ്ടാവുന്നു.

12.ഹേമന്ത കാലം--*സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെ ആണ് ഉത്തരാർദ്ധഗോളത്തിൽ ഹേമന്തകാലം.*വേനൽക്കാലത്തിൽ നിന്നും ശൈത്യ കാലത്തിലേക്കുള്ള മാറ്റം.*പകൽ കുറവ് ,രാത്രി കൂടുതൽ.*മരങ്ങൾ ഇലപൊഴിക്കുന്ന കാലം.

13.

| മാസം | സൂര്യന്റെ ആപേക്ഷിക ചലനം |
|---|---|
| മാർച്ച് 21 മുതൽ ജൂൺ 21 വരെ | ഭൂമധ്യരേഖയിൽ നിന്ന് ഉത്തരയാനരേഖയിലേക്. |
| ജൂൺ 21 മുതൽ സെപ്റ്റംബർ 23 വരെ | ഉത്തരയാനരേഖയിൽ നിന്ന് ഭൂമധ്യരേഖയിലേക്ക് |
| സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെ | ഭൂമധ്യരേഖയിൽ നിന്ന് ദക്ഷിണായന രേഖയിലേക്ക്. |
| ഡിസംബർ 22 മുതൽമാർച്ച് 21 വരെ | ദക്ഷിണായനരേഖയിൽ നിന്ന് ഭൂമധ്യരേഖയിലേക്ക്. |

14.

| ദിനം | സൂര്യന്റെ | പ്രത്യേകത |
|---|---|---|

| | | |
|---|---|---|
| | ആപേക്ഷികസ്ഥാനം | |
| മാർച്ച് 21 | ഭൂമധ്യരേഖ | വിഷുവം (സമ രാത്രദിനം) |
| ജൂൺ 21 | ഉത്തരായന രേഖ | ഗ്രീ ഷ്മ അയനന്തം |
| സെപ്റ്റംബർ 23 | ഭൂമധ്യരേഖ | വിഷുവം (സമ രാത്രദിനം) |
| ഡിസംബർ 22 | ദക്ഷിണായനരേഖ | ശൈത്യ അയനാന്തം |

15.പ്രാദേശിക സമയം* ഓരോ സ്ഥലത്തും സൂര്യന്റെ സ്ഥാനത്തെ ആധാരമാക്കി നിർണയിക്കുന്ന സമയം.

16.ഗ്രിനീച്ച് സമയം* പൂജ്യം ഡിഗ്രി രേഖാംശരേഖ* പ്രൈം മെറിഡീയൻ.* ഗ്രിനീച്ച് മേഖലയിലെ പ്രാദേശിക സമയത്തെ ഗ്രിനീച്ച് എന്നു പറയുന്നു.ഇംഗ്ലണ്ടിലെ റോയൽ ബ്രിട്ടീഷ് വാനനിരീക്ഷണ കേന്ദ്രത്തിലൂടെ കടന്നു പോകുന്നു. 17.***സ്റ്റാൻഡേർഡ് സമയം* ഓരോ രാജ്യവും ഏറെക്കുറെ മധ്യത്തിലൂടെ കടന്നുപോകുന്ന രേഖാംശരേഖയെ മാനകരേഖാംശമായി പരിഗണിക്കുന്നു.* മാനകരേഖാംശത്തിലെ പ്രാദേശിക സമയമാണ് ആ രാജ്യത്തിന്റെ മാനക സമയം.

18***ഗ്രീനിച്ച് സമയവും ഇന്ത്യൻ സമയവും --ഇന്ത്യൻ സമയം ഗ്രിനീച്ച് സമയത്തേക്കാൾ അഞ്ചര മണിക്കൂർ മുന്നിലാണ്. പൂജ്യം ഡിഗ്രി രേഖാംശരേഖ ആണ് ഗ്രീനിച്ച് രേഖ. ഇന്ത്യയുടെ മാനക രേഖാംശം 82.5 ഡിഗ്രി കിഴക്ക് ആണ്

19.അന്താരാഷ്ട്ര ദിനാങ്ക രേഖ --*180 ഡിഗ്രി രേഖാംശ രേഖ എന്നറിയപ്പെടുന്നു.*കിഴക്ക് ഒരു ദിവസം കുറവ് പടിഞ്ഞാറു ഒരു ദിവസം കൂടുതൽ. *ബെറിങ് കടലിടുക്കിലൂടെ കടന്ന് പോകുന്നു.*നേർ രേഖ അല്ല

20.സുഭാഷ് ചന്ദ്ര ബോസ്-- *INA ക്ക് നേതൃത്വം നൽകി*ഫോർവേഡ് ബ്ലോക്ക് രൂപീകരിച്ചു*സിങ്കപ്പൂരിൽ താത്കാലിക ഗവണ്മെന്റ് രൂപീകരിച്ചു

21.ക്വിറ്റ് ഇന്ത്യ സമരം --*ഗാന്ധിജി, INC നേതൃത്വം നൽകി *വിലകയറ്റം, ക്ഷാമം കാരണം *ബ്രിട്ടീഷ്ക്കാർ ഇന്ത്യ വിടുക എന്നത് മുദ്രാവാക്യം *ബ്രിട്ടീഷ്ക്കാർ അടിച്ചമർത്തി

22.ഗാന്ധിജിയുടെ ആദ്യകാല സമരങ്ങൾ--ചാമ്പാരൻ കർഷക സമരം 1917
*അഹമ്മദബാദ് തുണി മിൽ സമരം 1918 *ഖേഡാ കർഷക സമരം 1918
23. നിസ്സഹകരണ സമരം--ഗാന്ധിജി നേതൃത്വം നൽകി*വിദ്യാർത്ഥികൾ കോളേജ്, സ്കൂൾ ബഹിഷ്കരിക്കുക
*വിദേശ വസ്തുക്കളുടെ ബഹിഷ്കരിക്കണം*കോടതി ബഹിഷ്കരിക്കുക*നികുതി നൽകാതിരിക്കുക*1922 ൽ ചൗരി ചൗര സ്റ്റേഷൻ കത്തിക്കലിനെ തുടർന്ന് നിർത്തി
24. ഉപ്പ് സമരയുധമാക്കാൻ കാരണം--1930 ൽ ഗാന്ധിജി നേതൃത്വം നൽകി*ഉപ്പ് നികുതി മൂലം*ഉപ്പ് ഉണ്ടാക്കാൻ ഇന്ത്യക്കാരെ അനുവദിക്കാത്തത് മൂലം*സാധനകാരെ ഉണർത്താൻ വേണ്ടി
25.നാട്ടുരാജ്യ സംയോജനം--സർദാർ പട്ടേൽ വിപി മേനോൻ എന്നിവർ നേതൃത്വം നൽകി.*കാശ്മീർ ജുനഗഡ് ഹൈദ്രബാദ് ആദ്യം വിസമ്മതിച്ചു*പ്രതിരോധം, വിദേശകാര്യം, വാർത്താവിനിമയം എന്നിവ കേന്ദ്ര സർക്കാരിന്റെ കീഴിൽ കൊണ്ട് വരണം എന്ന് ലയനാകരാർ*ചർച്ച, രമ്യത, സൈനിക നടപടി എന്നിവയിലൂടെ നാട്ടുരാജ്യങ്ങളെ കൂട്ടി ചേർത്തു
25.ശാസ്ത്ര പുരോഗതി--നെഹ്റു, H.J ഭാഭ, S.N ഭട്നഗർ എന്നിവർ നേതൃത്വം നൽകി. * ശാസ്ത്ര ഗവേഷണ സമിതി, കാർഷിക -മെഡിക്കൽ ഗവേഷണ സമിതി എന്നിവ തുടങ്ങി * വിവിധ ശാസ്ത്ര രംഗങ്ങളിൽ നേട്ടം കൈവരിച്ചു
26.പഞ്ചശീല തത്വങ്ങൾ--1954 ൽ നെഹ്റു -ചൗ എൻ ലായി എന്നിവർ ഒപ്പ് വെച്ചു.*ആക്രമിക്കാതെ ഇരിക്കുക* അഭ്യന്തര കാര്യങ്ങളിൽ ഇടപെടരുത് *സമത്വം സഹായം സഹവർത്തിത്വം സമാധാനം എന്നിവ പുലർത്തുക
27.ഋതുഭേദങ്ങൾ ഉണ്ടാവാനുള്ള കാരണങ്ങൾ? *ഭൂമിയുടെ പരിക്രമണം. *അച്ചുതണ്ടിന്റെ ചരിവ്.* അച്ചുതണ്ടിന്റെ സമാന്തരത.
28.പൊതുഭരണത്തിൻ്റെ പ്രാധാന്യം എന്തെല്ലാം--:ഗവൺമെൻ്റ് നയങ്ങൾ രൂപപ്പെടുത്തുന്നു.:സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു.:ജനക്ഷേമം ഉറപ്പാക്കുന്നു.:ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു.
29.ഉപദ്വീപീയ പീഠഭൂമിയെ കുറിച് കുറിപ്പ് --'ഉറപ്പേറിയ ശിലകൾ ഉള്ള ഭാഗം.'ഇന്ത്യയിലെ ഏറ്റവും വലിയ ഭൂവിഭാഗം.'ധാതുകലവറ.'കറുത്തമണ്ണ്,

ചെമ്മണ്ണ്, ലാറ്ററൈറ്റ് മണ്ണ് എന്നിവ കാണുന്നു.'പശ്ചിമഘട്ടം പൂർവഘട്ടം എന്നീ മലനിരകൾ ഉണ്ട്.

30

| ***പടിഞ്ഞാറൻ തീരസമതലം | ***കിഴക്കൻ തീരസമതലം |
|---|---|
| -അറബിക്കടലിനും പശ്ചിമഘട്ടത്തിനും ഇടയിൽ.<br>-വീതി കുറവാണ്.<br>-കായലും അഭിമുഖങ്ങളും കാണുന്നു.<br>-ഡെൽറ്റകൾ ഇല്ല. | -ബംഗാൾഉൾക്കടലിനും പൂർവ ഘട്ടത്തിനുമിടയിൽ.<br>-വീതി കൂടുതൽ.<br>- കായലും അഭിമുഖങ്ങളും കുറവാണ്.<br>- ഡെൽറ്റകൾ കാണപ്പെടുന്നു. |

31

| ***ഹിമാലയൻ നദികൾ | *** ഉപദ്വീപീയ നദികൾ |
|---|---|
| -ഉത്ഭവം -ഹിമാലയ പർവതത്തിൽ.<br><br>-വലിയ വൃഷ്ടി പ്രദേശം.<br>-ഉയർന്ന ജലസേചനശേഷി.<br>-അപരദനതീവ്രത കൂടുതൽ.<br>-ജലഗതാഗത സാധ്യത കൂടുതൽ.<br>-ഗിരികന്ദരങ്ങൾ സൃഷ്ടിക്കുന്നു. | -ഉപദ്വീപിയ പീഠഭൂമിയിൽ നിന്ന് ഉത്ഭവിക്കുന്നു.<br>-ചെറിയ വൃഷ്ടി പ്രദേശം.<br>-താഴ്ന്ന ജലസേചന ശേഷി. -അപരദനതീവ്രത കുറവ്.<br>-ജലഗതാഗത സാധ്യത കുറവ്.<br>-ഗിരികന്ദരങ്ങൾ സൃഷ്ടിക്കുന്നില്ല. |

32.കേന്ദ്ര വിജിലൻസ് കമ്മീഷൻ - 1964 നിലവിൽവന്നു ,തലപ്പത്ത് കേന്ദ്ര വിജിലൻസ് കമ്മീഷണർ , ദേശീയ തലത്തിൽ അഴിമതി തടയുന്നു

33.ഭരണ നവീകരണം ലക്ഷ്യംവെച്ച് തുടങ്ങിയ നടപടികൾ - ഇ-ഗവേണൻസ്, വിവരാവകാശനിയമം , ഓംബുഡ്സ്മാൻ, ലോക്പാൽ, ലോകായുക്ത

34.ഒന്നും രണ്ടും ലോക മഹായുദ്ധങ്ങളു ടെ അനന്തരഫലങ്ങൾ-ലക്ഷക്കണക്കിന് ആളുകൾ കൊല്ലപ്പെട്ടു. ദാരിദ്ര്യം, തൊഴിലില്ലായ്മ, പട്ടിണി എന്നിവ വർധിച്ചു

35.സോവിയറ്റ് യൂണിയൻ തകരാനുള്ള കാരണങ്ങൾ - ഗോർബച്ചേവിന്റെ ഗ്ലാസ്നോസ്റ്റ് പെരിസ്ട്രോയിക്ക നയങ്ങൾ, ഉദ്യോഗസ്ഥരുടെ അഴിമതിയും കെടുകാര്യസ്ഥതയും, സോഷ്യലിസത്തിൽ നിന്നുള്ള വ്യതിചലനം

36.ആഗോളവൽക്കരണത്തിന്റെ ദോഷഫലങ്ങൾ -പ്രകൃതിവിഭവങ്ങൾ ചൂഷണം ചെയ്തു. പ്രാദേശിക വിപണി തകർന്നു. പൊതുമേഖലാസ്ഥാപനങ്ങൾ തകർന്നു.തദ്ദേശീയ സംസ്കാരങ്ങൾ ഇല്ലാതായി.

37.ബ്രിട്ടീഷുകാരുടെ നികുതി നയം-ശാശ്വത ഭൂനികുതി വ്യവസ്ഥ യിൽ നികുതി സെമിന്താർ പിരിച്ചു.

മഹൽവാരി സമ്പ്രദായത്തിൽ അതിൽ ഗ്രാമത്തലവൻമാർ നികുതി പിരിച്ചു. റയട്ട് വാരി സമ്പ്രദായത്തിൽ കർഷകരിൽ നിന്ന് നികുതി നേരിട്ട് പിടിച്ചു. നികുതി പണമായി നൽകേണ്ടിവന്നു. ഉയർന്ന നികുതി നൽകാൻ കഴിയാതിരുന്നവരെ ചൂഷണം ചെയ്തു.വിളവ് കുറഞ്ഞാലും നികുതി നൽകണം

38.ഇന്ത്യയുടെ ഒന്നാം സ്വാതന്ത്ര്യ സമരം- 1857 മെയ് 11 ന് മീററ്റിൽ നിന്ന് ആരംഭിച്ചു .കാരണങ്ങൾ -കൊഴുപ്പ് പുരട്ടിയ തിരകൾ ഉപയോഗിക്കാൻ നിർബന്ധിച്ചത് .ശിപായിമാരെ ചൂഷണം ചെയ്തത്. ബ്രിട്ടീഷുകാരുടെ നികുതി നയം. രാജാക്കന്മാരുടെ അധികാരത്തിൽ ബ്രിട്ടീഷുകാർ കൈ കടത്തിയത് .

39. ആഗോള മർദ്ദമേഖലകൾ-ചില അക്ഷാംശങ്ങൾക്കിടയിൽ ഏറെക്കുറേ അന്തരീക്ഷ മർദ്ദം ഏറെകുറെ ഒരേപോലെയാണ് .

** മധ്യരേഖ ന്യൂനമർദ്ദമേഖല-മധ്യരേഖയ്ക്ക് തെക്ക് 5 ഡിഗ്രി മുതൽ വടക്ക് 5 ഡിഗ്രി വരെ .നിർവാത മേഖല** ഉപോഷ്ണ ഉച്ചമർദ്ദം മേഖല-തെക്കും വടക്കും 30 ഡിഗ്രി അക്ഷാംശ പ്രദേശത്ത്.**ഉപധ്രുവീയ ന്യൂനമർദ്ദ മേഖല-തെക്കും വടക്കും 60 ഡിഗ്രി അക്ഷാംശ പ്രദേശത്ത്.** ധ്രുവീയ ഉച്ചമർദ്ദം മേഖല-തെക്കും വടക്കും 60 ഡിഗ്രി അക്ഷാംശ പ്രദേശത്ത്.അതി കഠിന തണുപ്പ് കാരണം ന്യൂനമർദ്ദമുള്ള മേഖല.

40.അന്തരീക്ഷ മർദത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ-.ഉയരം .താപ നില .ആർദ്രത

41.കാറ്റിന്റെ വേഗത്തേയും ദിശയെയും സ്വാധീനിക്കുന്ന ഘടകങ്ങൾ .മർദ്ദചരിവ് .കോറിയോലിസ് പ്രഭാവം .ഘർഷണം

42.ആഗോള വാതങ്ങൾ–ആഗോള മർദ്ദമേഖലകൾക്കിടയിൽ രൂപപ്പെടുന്ന കാറ്റുകൾ .*വാണിജ്യവാതങ്ങൾ*പശ്ചിമവാതങ്ങൾ *ധ്രുവീയ പൂർവ്വ വാതങ്ങൾ

43.മൺസൂൺ കാറ്റി ന്റെ രൂപംകൊള്ളുന്നതിന് കാരണമാകുന്ന ഘടകങ്ങൾ .സൂര്യൻറെ അയനം .കോറിയോലിസ് പ്രഭാവം.തപനത്തിലെ വ്യത്യാസങ്ങൾ

44.പ്രാദേശിക വാതങ്ങൾ–.ലൂ .മാംഗോഷവർ .കാൽബൈശാഖി .ചിനൂക്ക് .ഫൊൻ .ഹർമറ്റർ

45.മാനവവിഭവത്തിൻറെ ഗുണപരമായ സവിശേഷതകൾ.വിദ്യാഭ്യാസം .ആരോഗ്യപരിപാലനം .സാക്ഷരതാനിരക്ക് .ആയുർദൈർഘ്യം

46.മാനവവിഭവത്തിൻറെ ഗണപരമായ സവിശേഷതകൾ
.ജനസംഖ്യ വലുപ്പം . ജനസാന്ദ്രത. ജനസംഖ്യാ വളർച്ച .ജനസംഖ്യ ഘടന

47.ജനസംഖ്യ പഠനത്തിന്റെ ആവശ്യകത .മാനവവിഭവശേഷിയുടെ ലഭ്യത അറിയുക .സാമ്പത്തിക സാമൂഹിക വികസന നയങ്ങൾ രൂപീകരിക്കുക .സാധനങ്ങളുടെയും സേവനങ്ങളുടെയും അളവ് തിട്ടപ്പെടുത്തുക

48.കോണ്ടൂർ രേഖകളിൽ നിന്ന് എന്തെല്ലാം മനസ്സിലാക്കാം
.പ്രദേശത്തിന്റെ ഉയരം . ചരിവിന്റെ അളവ് . ഭൂപ്രദേശത്തിന് ഉള്ള ആകൃതി

49.ധാരതലീയ ഭൂപടങ്ങൾ എന്തിന് എല്ലാം പ്രയോജനപ്പെടുന്നു
.സൈനീക ആവശ്യത്തിന് . നഗരാസൂത്രണം . വിഭവ സംരക്ഷണം

50.വിദൂര സംവേദനത്തെ ഊർജ ഉറവിടത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യക്ഷ–പരോക്ഷ വിദൂര സംവേദനം എന്നും പ്ലാറ്റ് ഫോമിന്റെ അടിസ്ഥാനത്തിൽ ഭൂതലച്ഛായാഗ്രഹണം ആകാശീയ വിദൂര സംവേദനം ഉപഗ്രഹ ചായാഗ്രഹണം എന്നിങ്ങനെ തിരിക്കാം.

51.ആകാശീയ വിദൂര സംവേദനം പോരായ്മകൾ – വിമാനത്തിന്റെ കുലുക്കം ക്ലാരിറ്റി നഷ്ടപ്പെടുത്തും. ഇന്ധന ചെലവ് വിമാനം. ഇന്ധനം നിറക്കാൻ ഇടക്കിടെ താഴെ ഇറങ്ങേണ്ടി വരുന്നത് തുടർച്ച നഷ്ടമാക്കും

| ഭൂസ്ഥിര ഉപഗ്രഹങ്ങൾ | സൗരസ്ഥിര ഉപഗ്രഹങ്ങൾ |
|---|---|
| 36000 KM ഉയരത്തിൽ. | 900 KM ഉയരത്തിൽ സ്ഥിതി ചെയ്യുന്നു |

| | |
|---|---|
| ഭൂമിയോട് ഒപ്പം ഭ്രമണം ചെയ്യുന്നു. | ധ്രുവങ്ങൾക്ക് മുകളിലൂടെ ഭൂമിയെ വലം വെക്കുന്നു. |
| മൂന്നിൽ ഒന്ന് ഭാഗം നിരീക്ഷണ പരിധിയിൽ | കുറഞ്ഞ നിരീക്ഷണ പരിധി |

53.ഭൂവിവര വ്യവസ്ഥയുടെ വിശകലന സാധ്യതകൾ
.ആവൃത്തി വിശകലനം. ശൃംഖല വിശകലനം .ഓർവലെ വിശകലനം
54.ഭാരതീയ റിസർവ് ബാങ്കിന്റെ ധർമ്മങ്ങൾ -ബാങ്കുകളുടെ ബാങ്ക്. സർക്കാരുകളുടെബാങ്ക്.വായ്പകളുടെ നിയന്ത്രകൻ.കറൻസി അച്ചടിച്ചിറക്കൽ

55.ബാങ്കുകൾ വായ്പകൾ നൽകുമ്പോൾ ഈടായി ബാങ്കുകൾ വാങ്ങുന്നവ-
.ആധാരം .സാലറി സർട്ടിഫിക്കറ്റ് . സ്വർണം
56.ഇ-ബാങ്കിംഗ് നേട്ടങ്ങൾ- വീട്ടിൽ നിന്ന് തന്നെ ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാകും . സമയ ലാഭം കുറഞ്ഞ സർവീസ് ചാർജ് . അതിവേഗ സേവനം
57.മൈക്രോ ഫിനാൻസ് ലക്ഷ്യങ്ങൾ- സമ്പാദ്യ ശീലം വളർത്തുക .ചെറുകിട സംരംഭങ്ങളുടെ പ്രോത്സാഹനം .ആവശ്യം ഉള്ള സമയത്ത് വായ്പ ലഭിക്കുന്നു
58.ഉപഭോക്താവ് കബളിപ്പിക്കപെടുന്ന - വഞ്ചിക്കപ്പെടുന്ന സാഹചര്യങ്ങൾ അല്ലെങ്കിൽ പരാതി നൽകാവുന്ന സാഹചര്യങ്ങൾ
.മായം ചേർക്കൽ . ഗുണമേന്മ ഇല്ലാത്തവ വിൽക്കുന്നത് . അമിത വില അളവ് - തൂക്കത്തിലെ തട്ടിപ്പ്
59.സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ - സംസ്ഥാന തലത്തിൽ പ്രവർത്തിക്കുന്നു. 20 ലക്ഷം രൂപയും 1 കോടി രൂപയും ഇടയിൽ നഷ്ടപരിഹാരം ആവശ്യപ്പെടുന്ന കേസുകൾ തീർപ്പാക്കുന്നു. ഒരു പ്രസിഡന്റ് , 2 അംഗങ്ങൾ
60.ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ -ദേശീയ തലത്തിൽ പ്രവർത്തിക്കുന്നു. 1 കോടി രൂപയ്ക്ക് മുകളിൽ നഷ്ടപരിഹാരം ആവശ്യപ്പെടുന്ന കേസുകൾ.ഒരു പ്രസിഡന്റ് , 4 അംഗങ്ങൾ

61.രാഷ്ട്ര രൂപീകരണ സിദ്ധാന്തങ്ങൾ–*ദൈവദത്ത *പരിണാമ *സാമൂഹിക ഉടമ്പടി *ശക്തി സിദ്ധാന്തം. ഏറ്റവും സ്വീകാര്യമായത് –പരിണാമ സിദ്ധാന്തം

62.രാഷ്ട്രത്തിന്റെ നിർബന്ധിത ചുമതലകൾ–
നിർവഹിക്കുന്നതിൽ നിന്നും ഒരിക്കലും മാറി നിൽക്കാൻ ആവില്ല. അതിർത്തി സംരക്ഷണം, ആഭ്യന്തര സംരക്ഷണം, നീതി നിർവഹണം എന്നിവ

63.രാഷ്ട്രത്തിന്റെ വിവേചനപരമായ ചുമതലകൾ– .സാമ്പത്തിക സ്ഥിതി അനുസരിച്ച് നിർവഹിക്കാവുന്നവ. മെച്ചപെട്ട ജീവിതം ഉറപ്പാക്കും. ആരോഗ്യ വിദ്യഭ്യാസ മേഖലയിലെ പ്രവർത്തനങ്ങൾ, ക്ഷേമ പരിപാടികൾ

64.പൗരബോധം വളർത്താൻ കുടുംബം സംഘടന, വിദ്യഭ്യാസം എന്നിവ വഹിക്കുന്ന പങ്ക്– മൂല്യബോധം, നേതൃ ഗുണം, സഹജീവികളെ സഹായിക്കാനുള്ള ബോധം എന്നിവ വളർത്തുന്നു

65.സാമൂഹ ശാസ്ത്രത്തിലെ പഠന രീതികൾ ഏതെല്ലാം– അഭിമുഖം സോഷ്യൽ സർവ്വേ, ചോദ്യാവലി, നിരീക്ഷണം

66.<u>നികുതി ഇതര വരുമാനങ്ങൾ </u>– ഫീസ്,ഗ്രാന്റ്,പലിശ,ഫൈൻ

67.<u>പ്രത്യക്ഷ നികുതി</u>

- നികുതി ഭാരം നികുതി അടക്കുന്ന ആൾ അറിയുന്നു
- ചുമത്തപ്പെടുന്ന ആൾ തന്നെ നികുതി അടക്കുന്നു
- നികുതി പിരിവിന് ചെലവ് കൂടുതൽ

68.<u>പരോക്ഷ നികുതി</u>

.നികുതി ചുമത്തപ്പെടുന്നത് ഒരാളിലും നൽകുന്നത് വേറെ ഒരാളും . നികുതി ദായകൻ ഭാരം അറിയുന്നില്ല. നികുതി പിരിവിന് ചെലവ് കുറവാണ്

69.<u>പഴശി കലാപം– </u>ബ്രിട്ടീഷ് ആദിപത്യത്തിന് എതിരെ. മൈസൂർ സുൽത്താനെ എതിർക്കാൻ ബ്രിട്ടീഷ് കാരെ പഴശി സഹായിച്ചു. നികുതി പിരിക്കാൻ അവകാശം ബ്രിട്ടീഷ്കാർ പഴശിക്ക് നൽകിയില്ല. തലക്കൽ ചന്തു, കുങ്കൻ എന്നിവരുടെ സഹായത്തോടെ പഴശ്ശി രാജ പോരാടി.

70.<u>വൈക്കം സത്യാഗ്രഹം</u>–1924 ൽ നടന്നു. T K മാധവൻ നേതൃത്വം നൽകി. വഴി നടക്കാൻ ഉള്ള അവകാശത്തിനു വേണ്ടി

71.സാമൂഹിക പരിഷ്കർത്താക്കളുടെ പ്രവർത്തന ഫലമായി ബ്രിട്ടീഷ്കാർ നിരോധിച്ച അനാചാരങ്ങൾ-സതി, പെൺ ഭ്രൂണഹത്യ ,അടിമത്തം, ശൈശവ വിവാഹം എന്നിവ നിരോധിച്ചു.

72 കലകൾ പത്രങ്ങൾ, സാഹിത്യം എന്നിവ ദേശീയത വളർത്തുന്നതിൽ വഹിച്ച പങ്ക് -സമൂഹത്തിലെ ജീർണതകൾ തുറന്ന് കാട്ടി.ബ്രിട്ടീഷ്കാരുടെ ചൂഷണങ്ങളെ കുറിച്ച് അവബോധം ഉണ്ടാക്കി. ജനങ്ങളുടെ ദുരിതം, പ്രതിസന്ധി എന്നിവ സൃഷ്ടിക്കുന്ന ബ്രിട്ടീഷ് വിരുദ്ധ മനോഭാവം വളർത്തി

73.ഇന്ത്യയിലെ കാർഷിക കാലങ്ങൾ-

ഖാരിഫ് – ജൂൺ മുതൽ നവംബർ വരെ മാസങ്ങളിൽ നടക്കുന്ന കൃഷി. നെല്ല്, പരുത്തി എന്നിവ

റാബി –നവംബർ മുതൽ മാർച്ച് വരെ നടക്കുന്ന കൃഷി. ഗോതമ്പ്, പയർ എന്നിവ

സെയ്ദ് – മാർച്ച് മുതൽ ജൂൺ വരെ നടക്കുന്ന വേനൽ കാല കൃഷി. പച്ചക്കറി, പഴ വർഗ്ഗങ്ങൾ എന്നിവ

74.മുംബൈ പരുത്തി തുണി വ്യവസായ കേന്ദ്രം ആകാൻ ഉള്ള കാരണങ്ങൾ .ജല ലഭ്യത.ഊർജ്ജ ലഭ്യത. ജോലികാരുടെ ലഭ്യത. തുറമുഖം ഉള്ളത്

75.ജല ഗതാഗതം ഗുണങ്ങൾ-കുറഞ്ഞ ചെലവ്. മലിനീകരണം കുറവ്. വലിയ തോതിൽ ചരക്ക് ഗതാഗതത്തിന് അനുയോജ്യം.

Prepared by

VIMAL VINCENT V
HST SOCIAL SCIENCE
GVHSS KAITHARAM, ERNAKULAM DIST
9847452945